## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3143** **01-03-2023 - ൽ മറുപടിയ്ക്ക്**

## പീരുമേട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ്പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പീരുമേട് മണ്ഡലത്തിൽ കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ മലയോര ഹൈവേ അല്ലാതെയുള്ള ഏതൊക്കെ റോഡുകളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിച്ചിട്ടുള്ളത്; എത്ര തുകയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | പീരുമേട് മണ്ഡലത്തിൽ കഴിഞ്ഞ 7 വർഷത്തിനിടയിൽ മലയോര ഹൈവേ അല്ലാതെയുള്ള ഒരു റോഡും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിന് സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 01 .11 .2016 ലെ ജി.ഒ (ആർ.റ്റി)നം.1502/2016 പൊ.മ.വ. ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന മൂലമറ്റം- ആശ്രമം-കപ്പക്കാനം -കല്ലുമേട് -ഉപ്പുതറ-ചപ്പാത്ത് -വണ്ടിപ്പെരിയാർ റോഡ് പ്രവൃത്തി, 02.08.2016 ലെ ജി.ഒ (ആർ.റ്റി) നം. 1192 /2016/ പൊ.മ.വ.നമ്പർ ഉത്തരവ് പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന ചോറ്റുപാറ -ഉളുപ്പൂണി -വട്ടപതാൽ -ഏലപ്പാറ വണ്ടിപ്പെരിയാർ-സത്രം റോഡ് പ്രവൃത്തി, 10.07.2017ന് ജി.ഒ (ആർ.റ്റി) നം. 942 / 2017 /പൊ.മ.വ.നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന മൂക്കരുത്താൻ വളവ്-വെള്ളാരം കുന്ന്-കുമളി റോഡ് പ്രവൃത്തി എന്നീ പ്രവൃത്തികളുടെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ ? | (ബി) | 01/11/2016 -ൽ 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ മൂലമറ്റം- ആശ്രമം - കപ്പകാനം - കല്ലുമേട് - ഉപ്പുതറ – വണ്ടിപ്പെരിയാർ റോഡിന്റെ (58.745 KM) ഡിപിആർ ഡിസൈൻ വിഭാഗത്തിൽ നിന്നും തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.<br><br>02/08/2016 - ൽ 50 കോടി രൂപയ്ക്ക് തത്വത്തിര ഭരണാനുമതി നൽകിയ ചോറ്റുപാറ – ഉളുപ്പൂണ്ണി - വട്ടപതാൽ -ഏലപ്പാറ വണ്ടിപ്പെരിയാർ സത്രം റോഡ് (124 KM) പ്രവൃത്തിയുടെ ഭാഗമായി സ്ഥല ലഭ്യത ഉറപ്പാക്കിയ ചോറ്റുപാറ മുതൽ വെള്ളപത്താൽ വരെയുള്ള 23.66 കിലോമീറ്റർ പ്രവൃത്തിയുടെ ഡിപിആർ തയ്യാറാക്കി 06.03.2021 -ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ ആയതിനു കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.<br><br>10/07/2017 -ൽ 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ മുക്രതാൻ വളവ് വെള്ളാരം കുന്ന് - കുമളി റോഡ് (18.85 KM) പ്രവൃത്തിയുടെ environmental feasibility റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഭാഗമായ 0/000 മുതൽ 6/400 വരെയുള്ള ഭാഗ കിഫ്ബി guidelines പ്രകാരം നിർമ്മിക്കാൻ |

| | | | |
|---|---|---|---|
| | | | കഴിയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഡിപിആർ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും തയ്യാറാക്കി നൽകിയിട്ടില്ല. പ്രസ്തുത വിവരം കിഫ്ബിയെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ